**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6036** **17-03-2023 - ൽ മറുപടിയ്ക്ക്**

**അനർഹരായവർ ക്ഷേമപെൻഷൻ വാങ്ങുന്നത് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അനർഹരായവർ ക്ഷേമപെൻഷൻ വാങ്ങുന്നത് തടയുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | 2016-ൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽ നിന്നും, കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രധാൻ ഏജന്റുമാർ മുഖേന നടത്തിയ സർവ്വേയിലൂടെയും പൊതുജനങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിന്മേൽ നടത്തിയ പരിശോധനകളിൽ നിന്നും സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധി പേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്, സർവ്വീസ്/ കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധി പേരെ കണ്ടെത്തുകയുണ്ടായി. 2019 ഡിസംബർ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗ് വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തിയിട്ടുണ്ട്. അനർഹരെ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | അർഹരായ അപേക്ഷിച്ച എല്ലാവർക്കും കാലതാമസമില്ലാതെ ക്ഷേമപെൻഷൻ അനുവദിക്കുന്നതിനായി സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷന് അപേക്ഷ നൽകേണ്ടത് ബന്ധപ്പെട്ട പ്രാദേശിക സർക്കാരിലും, ക്ഷേമ നിധി ബോർഡു പെൻഷന് അപേക്ഷ നൽകേണ്ടത് ബന്ധപ്പെട്ട ബോർഡിലുമാണ്. മാനദണ്ഡങ്ങൾ പ്രകാരം അർഹരായവർ പെൻഷന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആയതിന്മേൽ |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തി അർഹതപ്പെട്ടവർക്ക് പെൻഷൻ അനുവദിച്ചു വരുന്നു. |
| (സി) | ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനായി വരുമാനസർട്ടിഫിക്കറ്റ് നൽകുവാൻ സമയപരിധി നിശ്ചയിച്ചിരുന്നോ; വിശദമാക്കാമോ? | (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവർ ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ റവന്യൂ അധികാരികൾ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് 2022 സെപ്റ്റംബർ 1 മുതൽ 2023 ഫെബ്രുവരി 28 വരെ 6 മാസക്കാലയളവ് അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ